DESPATCHED On 2/7/22



**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം-695 001**
Email: sic.ker@nic.in

ഹർജി നമ്പർ **AP 358(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No. 6575/SIC-Gen4/2022**
(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ജൂൺ 29**

ശ്രീമതി. ഈച്ചരൻ സാറാമ്മ,
W/o മൊയ്തീൻകോയ
പുത്തൻ കടപ്പുറം പി.ഒ.,
പരപ്പനങ്ങാടി, മലപ്പുറം - 676 303.
} അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി തഹസിൽദാർ (കെ.ബി.ടി),
താലൂക്ക് ഓഫീസ്, തിരൂരങ്ങാടി,
മലപ്പുറം - 676 306.
2. അപ്പീൽ അധികാരി &
തഹസിൽദാർ,
താലൂക്ക് ഓഫീസ്, തിരൂരങ്ങാടി,
മലപ്പുറം - 676 306.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 30.12.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 19.1.2022, 25.3.2022 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 11.2.2022 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 11.3.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 26.4.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 28.4.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 9.5.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 27.5.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 28.6.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി<br><br>എസ്.പി.ഐ.ഒ. | ഹർജിക്കാരിക്കുവേണ്ടി പ്രതിനിധി ഹാജരായി(ഓഡിയോ)<br>ഹാജരായി |

**ഉത്തരവ്**

ശ്രീമതി. ഈച്ചരൻ സാറാമ്മ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൾ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ വശ്യപ്പെട്ട രേഖകൾ ഉൾക്കൊള്ളിക്കാതെ ശരിയല്ലാത്ത സംഗതികൾ ഉൾക്കൊള്ളിച്ച് മറുപടി നൽകിയതുമായി ബന്ധപ്പെട്ട്

അപ്പീൽ അപേക്ഷ നൽകിയെങ്കിലും ടി അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരമുള്ള നടപടി സ്വീകരിക്കാതെ ശരിയല്ലാത്തതും വ്യക്തമല്ലാത്തതുമായ മറുപടിയാണ് വീണ്ടും ഒന്നാം എതിർകക്ഷി നൽകിയതെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കി നൽകണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 30.12.2021–ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

i. ഹർജിക്കാരിക്ക് തിരൂരങ്ങാടി താലൂക്ക് ഓഫീസിൽ നിന്ന് പരപ്പനങ്ങാടി വില്ലേജ് റി.സ.127/7–ൽപ്പെട്ട രണ്ട് സെന്റ് സ്ഥലത്തിന് Assigt 32/96 നമ്പറായി 23.5.1997 തീയതി പട്ടയം അനുവദിച്ചത് സംബന്ധിച്ച് എന്തെല്ലാം രേഖകൾ ടി ഓഫീസിൽ ലഭ്യമായിട്ടുണ്ടെന്നും ലഭ്യമായ രേഖകളുടെ പകർപ്പുകൾ അനുവദിച്ച് നൽകണമെന്നും

ii മേൽപ്പടി പട്ടയ കാര്യത്തിലെ ടി ഓഫീസിൽ സൂക്ഷിച്ച് വരുന്ന ഫയൽ നമ്പർ സി3–2978/96 ആണോ എന്നും എങ്കിൽ ടി ഫയലിൽ ഉള്ള രേഖകൾ എന്തെല്ലാമാണെന്നും ടി ഫയലിൽ ഉള്ള സകല രേഖകളുടെയും പകർപ്പുകൾ അനുവദിച്ച് നൽകണമെന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഹർജിക്കാരി ആവശ്യപ്പെട്ട റിക്കാർഡുകൾ അടങ്ങിയ ഫയലുകൾ സൂക്ഷിച്ചു വരുന്നില്ല എന്ന മറുപടിയാണ് 19.1.2022 തീയതി ഒന്നാം എതിർകക്ഷി നൽകിയതായി കാണുന്നത്. തുടർന്ന് ടി മറുപടിയിൽ ആക്ഷേപം ഉന്നയിച്ച് കൊണ്ട് 11.2.2022ന് നൽകിയ അപ്പീൽ ഹർജി തീർപ്പാക്കി 11.3.2022ന് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ 25.3.2022–ന് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ 1 മുതൽ 5 വരെയുള്ള ചോദ്യങ്ങൾക്ക് പ്രത്യേകം പ്രത്യേകം ചോദ്യ നമ്പറിട്ട് മറുപടി നൽകിയതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപേക്ഷക 30.12.2021 തീയതി പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ സമർപ്പിച്ച വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയിന്മേൽ 19.1.2022–ന് നൽകിയ മറുപടി തൃപ്തികരമല്ലെന്ന് ആക്ഷേപം ഉന്നയിച്ചു കൊണ്ട് അപേക്ഷക 11.2.2022 തീയതി അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണെന്നും ആയതിന് നൽകിയ മറുപടിയിൽ ഹർജിക്കാരി ആവശ്യപ്പെട്ട ചോദ്യങ്ങൾക്ക് പ്രത്യേകം ചോദ്യം നമ്പറിട്ട് മറുപടി നൽകണമെന്ന് നിർദ്ദേശിച്ചു കൊണ്ട് 11.3.2022–ന് അപ്പീൽ തീർപ്പ് കൽപ്പിച്ചിട്ടുള്ളതാണെന്നും ആയതിന്മേൽ 25.3.2022 തീയതി ഒന്നാം എതിർകക്ഷി ഹർജിക്കാരിക്ക് വ്യക്തമായ മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ പരിശോധിച്ചതിൽ, ഹർജിക്കാരി ആവശ്യപ്പെട്ട വിവരം അടങ്ങിയ Assigt 32/96, സി3–2978/96 എന്നീ ഫയലുകൾ റിക്കാർഡ് വിഭാഗത്തിൽ സൂക്ഷിക്കുന്നില്ല എന്ന മറുപടി റിക്കാർഡ് വിഭാഗത്തിൽ നിന്നും ലഭിച്ചതിനെ തുടർന്നാണ് ഹർജിക്കാരിക്ക് 9.1.2022, 25.3.2022

എന്നീ തീയതികളിൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളത് എന്ന് കാണുന്നു. ടി വിശദീകരണം വിവരാവകാശ നിയമ പ്രകാരം അംഗീകരിക്കത്തക്കതല്ല. എന്നാൽ ഹർജിക്കാരി ആവശ്യപ്പെട്ട രേഖകൾ അടങ്ങിയ ഫയൽ കണ്ടെത്തുന്നതിനായി നിലവിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഉൾപ്പെടെയുള്ള ജീവനക്കാർ ആത്മാർത്ഥമായ ശ്രമം നടത്തിയതിനെ തുടർന്ന് ടി വിഷയവുമായി ബന്ധപ്പെട്ട ഒരു ഫയൽ ലഭിക്കുകയുണ്ടായെങ്കിലും ഹർജിക്കാരി ആവശ്യപ്പെട്ട പട്ടയം സംബന്ധിച്ച രേഖകൾ ടി ഫയലിൽ കാണുന്നില്ലെന്നും, ആയത് തിരൂർ താലൂക്കിൽ ലഭ്യമാകുമോ എന്ന് കൂടി പരിശോധിക്കേണ്ടിയിരിക്കുന്നു വെന്നുമാണ് ഹിയറിംഗിൽ പങ്കെടുത്ത ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചിട്ടുള്ളത്. വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെടുന്ന വിവരം അടങ്ങിയ ഫയൽ മിസ്സിംഗ് ആണെന്നും, തെരഞ്ഞ് നോക്കിയതിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നിങ്ങനെയുള്ള മറുപടികൾ നൽകുന്നത് 9.2.2015-ലെ 84393/സിഡിഎൻ.5/2014/ജിഎഡി നമ്പർ സർക്കുലറിന് വിരുദ്ധവും ശിക്ഷാർഹവു മാണ്. ആയതിനാൽ file retention/destruction schedule പ്രകാരം ടി രേഖകൾ നശിപ്പിച്ചിട്ടില്ലെങ്കിൽ, ആയത് തിരൂർ താലൂക്ക് ഓഫീസിൽ ഉൾപ്പെടെ ലഭ്യമാകുമോ എന്ന കാര്യം തെരഞ്ഞ് കണ്ടെത്തുന്നതിന് ഒരു സീനിയർ ഉദ്യോഗസ്ഥനും രണ്ടോ മൂന്നോ അംഗങ്ങളും അടങ്ങിയ ഒരു ടീം രുപീകരിച്ച് തെരച്ചിൽ നടത്തി ടി ഫയലുകൾ കണ്ടെത്തി ഹർജിക്കാരി ആവശ്യപ്പെട്ട രേഖകൾ 30.7.2022നകം ഹർജിക്കാരിയ്ക്ക് നൽകുന്നതിന് രണ്ടാം എതിർകക്ഷി നടപടി സ്വീകരിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂൺ 29-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

. bnk